# വേണ്ടത് കർമ്മപദ്ധതികൾ

ഭൗമ ഉച്ചകോടി– മുൻലക്കം തുടർച്ച

ബിജുകുമാർ

ആഗോളതലത്തിൽ ഭക്ഷ്യോല്പാദനം വർദ്ധിച്ചുകൊണ്ടിരിക്കുന്നുവെങ്കിലും 800 ദശലക്ഷത്തിലധികം ജനങ്ങൾ വിശപ്പും പോഷകാഹാരക്കുറവുമായി കഴിയുകയാണെന്നതാണ് വിരോധാഭാസം. കീടനാശിനികളുടെയും രാസവളങ്ങളുടെയും മറ്റും പ്രയോഗവും അശാസ്ത്രീയവുമായ കൃഷിരീതികളും ലോകമെമ്പാടുമുള്ള 300 ദശലക്ഷം ഹെക്ടർ കൃഷിയിടങ്ങളെ പൂർണ്ണമായും തകർക്കുകയോ കൃഷിയോഗ്യമല്ലാതാക്കുകയോ ചെയ്തിട്ടുണ്ട്. 1.2 ബില്യൺ ഹെക്ടർ കൃഷി ഭൂമി താരതമ്യേന ഫലപുഷ്ടി നഷ്ടപ്പെട്ടതുമായിരിക്കുന്നു. ഭൂമിയിലെ കരയുടെ 41 ശതമാനം മരുവൽക്കരണത്തിന്റെ ഭീതിയിലാവുമ്പോൾ 110 രാജ്യങ്ങളിലെ 100 കോടി ജനങ്ങളെയാണിത് ബാധിക്കുന്നത്.

മരുവൽക്കരണ നിയന്ത്രണം സംബന്ധിച്ച ഉടമ്പടിയിൽ 176-ൽ പരം രാജ്യങ്ങൾ ഒപ്പുവെച്ചെങ്കിലും അത് നടപ്പിലാക്കുന്നതിനു വേണ്ട സാമ്പത്തികസഹായം ലഭ്യമാക്കാൻ വികസിതരാജ്യങ്ങൾ ഇതുവരെ ശുഷ്കാന്തി കാട്ടിയിട്ടില്ല. പരമ്പരാഗത അറിവുകളെ അടിസ്ഥാനമാക്കിയുള്ള പരിസ്ഥിതി പൂരകമായ കൃഷിരീതികൾക്ക് ഒരു ഉടമ്പടിയിലും കാര്യമായ പരിഗണന ലഭിക്കുന്നുമില്ല.

**വിഷമാലിന്യങ്ങൾ, ആരോഗ്യം**

ഓരോ വർഷവും 3 ദശലക്ഷം ടൺ വിഷവസ്തുക്കളും മാരകമായ മാലിന്യങ്ങളും വികസ്വര രാഷ്ട്രങ്ങളിലേക്ക് കയറ്റി അയക്കുന്നുണ്ട്. 1992 മെയ് 5ന് നിലവിൽ വന്ന ബേബൽ ഉടമ്പടി അനുസരിച്ച് വിഷമാലിന്യങ്ങളുടെയും ഖരമാലിന്യങ്ങളുടെയും കയറ്റുമതിക്ക് നിയന്ത്രണം വന്നിട്ടുണ്ട്. എന്നാൽ ഇപ്പോഴും ഇത് തുടരുന്നുണ്ട്.

വിഷവസ്തുക്കളുടെ ഉല്പാദനവേളയിലും പ്രയോഗസമയത്തുമുണ്ടാകുന്ന പരിസ്ഥിതിനാശത്തിന് നിർമാതാക്കളായ കമ്പനികൾ നഷ്ടപരിഹാരം നൽകണമെന്ന നിർദ്ദേശവും, വിഷമാലിന്യങ്ങൾ കയറ്റുമതി ചെയ്യുന്നവർക്കെതിരെ അതുകൊണ്ടുണ്ടാവുന്ന ദുരന്തങ്ങൾക്ക് ഉത്തരവാദികളാവണമെന്ന നിർദ്ദേശവും വികസിത രാജ്യങ്ങളുടെയും കമ്പനികളുടെയും എതിർപ്പിനെ തുടർന്ന് നടപ്പിലാക്കിയിട്ടില്ല. അപകടകാരികളായ രോഗാണുക്കളും, രാസവസ്തുക്കളും നിയന്ത്രിക്കണമെന്ന് ഉച്ചകോടി തീരുമാനിച്ചിട്ടുണ്ടെങ്കിലും ഇതിന് വേണ്ട സാമ്പത്തിക സഹായത്തിൽ വർദ്ധനവൊന്നും ഉണ്ടായിട്ടില്ല. കൂടാതെ എയ്ഡ്സ്, മലേറിയ, ക്ഷയം തുടങ്ങിയ രോഗങ്ങൾ തടയാനുദ്ദേശിച്ചുള്ള ആഗോളനിധിയിലേക്കും സാമ്പത്തികസഹായം എത്തുന്നത് കുറവാണ്. ആവശ്യം 7-10 ബില്യൺ അമേരിക്കൻ ഡോളർ ആയിരിക്കെ കഴിഞ്ഞ 5 വർഷങ്ങളിൽ 2 ബില്യൺ ഡോളർ മാത്രമാണ് വാഗ്ദാനം. ഇതിൽ കിട്ടിയത് അതിലും കുറവും.

**വ്യവസായം, സാങ്കേതികവിദ്യ കൈമാറ്റം, സാമ്പത്തികസഹായം**

വാണിജ്യ നിയമങ്ങൾ പരിസ്ഥിതി നിയമങ്ങൾക്ക് കീഴിൽ വരുമെന്ന ഒരു ധാരണയെങ്കിലും ജോഹന്നാസ്ബർഗ് ഉച്ചകോടിയിൽ ഉണ്ടാവുമെന്ന് ഒരു പ്രതീക്ഷ ഉണ്ടായിരുന്നു. കൂടാതെ 1992-ലെ റിയോ ഭൗമ ഉച്ചകോടിയിൽ രാജ്യങ്ങൾ അവരുടെ മൊത്തം രാജ്യവരുമാനത്തിന്റെ ഒരു വിഹിതം അന്താരാഷ്ട്രനിധിയിലേക്ക് നൽകാമെന്ന വാഗ്ദാനവും നൽകിയിരുന്നു. എന്നാൽ വികസിത രാജ്യങ്ങൾ വാഗ്ദാനം ചെയ്തിരുന്ന തുക 1992-ൽ അവരുടെ മൊത്തം വരുമാനത്തിന്റെ 0.34 ശതമാനമായിരുന്നത് 1995-ൽ 0.27 ശതമാനമായി കുറഞ്ഞു.

വികസ്വരരാജ്യങ്ങളിൽ സ്വകാര്യമേഖലയിൽ നിക്ഷേപത്തിൽ വർദ്ധനവുണ്ടായെങ്കിലും അത് ഒരിക്കലും സുസ്ഥിരവികസനം പ്രോത്സാഹിപ്പിക്കുന്നതായിരുന്നില്ല. മലിനീകരണത്തിന് കാരണക്കാരായ വ്യവസായങ്ങൾക്കുമേൽ യാതൊരുവിധ നിയന്ത്രണങ്ങളും കൊണ്ടുവരാൻ ജോഹന്നാസ്ബർഗ് ഉച്ചകോടിക്ക് കഴിഞ്ഞില്ല. വരും നാളുകളിൽ "സ്വയം നിയന്ത്രണം" എന്ന മന്ത്രവുമായി വ്യവസായവൽകൃത രാജ്യങ്ങളിലെ രാഷ്ട്രീയനേതൃത്വങ്ങൾക്കു കീഴിൽ ബഹുരാഷ്ട്രകുത്തകകൾ തഴച്ചുവളരുമെന്നതും തീർച്ച. കൂടാതെ പരിസ്ഥിതി സംബന്ധിയായ സുപ്രധാന തീരുമാനങ്ങളിൽ അവരുടെ സ്വാധീനം വർദ്ധിച്ചുവരികയും ചെയ്യും.

**ഇനി വേണ്ടത് കർമ്മ പരിപാടികൾ**

പുതിയ നൂറ്റാണ്ടിൽ സുസ്ഥിര വികസനമെന്ന അജണ്ട ആഗോളതലത്തിൽ നടപ്പിലാക്കാൻ ഉതകുന്ന കർമ്മ പദ്ധതികൾക്ക് രൂപം നൽകുക എന്നതായിരുന്നു ജോഹന്നാസ്ബർഗ് ഉച്ചകോടിയുടെ പ്രധാന ഉദ്ദേശ്യം. എന്നാൽ നാമമാത്രമായ ചില തീരുമാനങ്ങളൊഴിച്ചാൽ മൂന്നാം ലോകരാജ്യങ്ങളിലെ ജനങ്ങളെ സംബന്ധിച്ചിടത്തോളം ഏറെയൊന്നും പ്രതീക്ഷക്ക് വക നൽകാത്തതായി പ്രസ്തുത സമ്മേളനം. മുൻകാലങ്ങളിലെപ്പോലെ വികസിത വ്യവസായവത്കൃത രാജ്യങ്ങൾ തങ്ങളുടെ നില സുരക്ഷിതമാക്കാനും ആഗോളപരിസ്ഥിതി നയങ്ങളിലും കർമ്മപദ്ധതികളിലും തങ്ങളുടെ അധീശത്വം അരക്കിട്ടുറപ്പിക്കാനുള്ള വേദിയായി ഈ ഉച്ചകോടിയേയും കണ്ടു എന്നതാണ് സത്യം. കൂടാതെ സാമ്രാജ്യത്തശക്തികളുടെ പിന്തുണയോടെ ബഹുരാഷ്ട്ര കുത്തകകൾ തങ്ങൾക്കെതിരായി തീരുമാനങ്ങളുണ്ടാകാതിരിക്കാൻ പരിശ്രമിക്കുകയും അതിൽ പൂർണ്ണമായി വിജയിക്കുകയും ചെയ്തു. തങ്ങളുടെ ആവശ്യങ്ങൾക്കായി വാദിക്കാൻ കാര്യക്ഷമതയും ഊർജ്ജസ്വലതയും ഉള്ള രാഷ്ട്രീയനേതൃത്വം മൂന്നാം ലോകരാജ്യങ്ങളിൽ ഇല്ല എന്നതാണ് സത്യം. "നമുക്ക് ഇനി ആവശ്യം ഇത്തരം മഹാസമ്മേളനങ്ങളല്ല, മറിച്ച് ക്ലിപ്തതയുള്ള പദ്ധതികളാണ്" എന്ന അഭിപ്രായത്തോട് നമുക്ക് യോജിക്കാം.